# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**OFFICE OF THE PUBLIC RELATIONS**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**


08-01-2026

## പ്രസിദ്ധീകരണത്തിന്

### 1. സംസ്കൃത സർവ്വകലാശാലയിൽ പഞ്ചദിന സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം 13ന് തുടങ്ങും

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സെൻട്രൽ ലൈബ്രറിയും ഇന്റേണൽ ക്വളിറ്റി അഷ്വറൻസ് സെല്ലും സംയുക്തമായി സംഘടിപ്പിക്കുന്ന പഞ്ചദിന സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം ജനുവരി 13 ന് കാലടി മുഖ്യ കാമ്പസിലുള്ള മീഡിയ സെന്ററിൽ ആരംഭിക്കും. ഓപ്പൺ സോഴ്സ് ലൈബ്രറി സോഫ്റ്റ്വെയറുകളായ ഡിസ്പേസ്, കോഹ എന്നിവയിലുള്ള പരിശീനമാണ് നടക്കുക. 13 ന് രാവിലെ ഒൻപതിന് വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി പഞ്ചദിന സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം ഉദ്ഘാടനം ചെയ്യും. രജിസ്ട്രാർ ഡോ. മോത്തി ജോർജ് അദ്ധ്യക്ഷനായിരിക്കും. സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. മാത്യൂസ് ടി. തെള്ളി, ആർ. അജയൻ, ഡോ. ബി. അശോക്, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ. കെ. വി. അജിത് കുമാർ, സൂസൻ ചാണ്ടപ്പിള്ള, എം. പി. അമ്പിളി എന്നിവർ പ്രസംഗിക്കും. കുസാറ്റ് ലൈബ്രേറിയൻ ഡോ. വീരാൻകുട്ടി ചേളതായക്കോട്ട്, എം. ജി. സർവ്വകലാശാല അസിസ്റ്റന്റ് ലൈബ്രേറിയൻ ഡോ. വിമൽ കുമാർ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിക്കും. 13 ന് സമാപിക്കും.

### 2. ദശദിന അദ്ധ്യാപക റിഫ്രഷർ കോഴ്സ് സംസ്കൃത സർവ്വകലാശാലയിൽ ആരംഭിച്ചു

സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്കായി നടത്തുന്ന ദശദിന റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ ആരംഭിച്ചു. തെരഞ്ഞെടുക്കപ്പെട്ട 40 ഇംഗ്ലീഷ് അദ്ധ്യാപകരാണ് റിഫ്രഷർ കോഴ്സിൽ പങ്കെടുക്കുക. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെയും സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ്

ട്രെയിനിംഗിന്റെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന റിഫ്രഷർ കോഴ്സിന്റെ നിർവ്വഹണ ചുമതല സർവ്വകലാശാലയിലെ ഇംഗ്ലീഷ് വിഭാഗത്തിനാണ്.

വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ദശദിന റിഫ്രഷർ കോഴ്സ് ഉദ്ഘാടനം ചെയ്തു. ഇംഗ്ലീഷ് വിഭാഗം മേധാവി പ്രൊഫ. ടി. ആർ. മുരളീകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. ഡോ. സി. എസ്. ജയറാം മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. പ്രോഗ്രാം കോ-ഓർഡിനറ്റർ പ്രൊഫ. രാജി ബി. നായർ, എ. ഷിഹാബ്, വി. സി. സന്തോഷ്, ജോസ് പെറ്റ്തെരേസ ജേക്കബ് എന്നിവർ പ്രസംഗിച്ചു.

ജനവരി 16ന് പരിശീലന പരിപാടി സമാപിക്കും. സമാപന സമ്മേളനത്തിൽ സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു മുഖ്യ പ്രഭാഷണം നടത്തും. പ്രൊഫ. ടി. ആർ. മുരളീകൃഷ്ണൻ അദ്ധ്യക്ഷനായിരിക്കും. പ്രൊഫ. രാജി ബി. നായർ, വി. സി. സന്തേഷ്, ജോസ്പെറ്റ് തെരേസ് ജേക്കബ് എന്നിവർ പ്രസംഗിക്കും.

**ഫോട്ടോ അടിക്കുറിപ്പ്:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ സംസ്ഥാനത്തെ ഹയർ സെക്കൻഡറി അദ്ധ്യാപകർക്ക് വേണ്ടി സംഘടിപ്പിക്കുന്ന ദശദിന റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്യുന്നു.

**ജലീഷ് പീറ്റർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോൺ നം. 9447123075